# നീര പദ്ധതി: കൂടുതൽ ശ്രദ്ധിക്കണമെന്ന് സർക്കാറിനോട് ഹൈകോടതി

- ബോട്ടിലുകളിലാക്കി വേണം നീര വിപണനം നടത്താൻ

കൊച്ചി: പുതിയ മദ്യനയത്തിന്റെ പശ്ചാത്തലത്തിൽ തെങ്ങിൽനിന്ന് ലഹരി മുക്ത ശീതളപാനീയം ഉൽപാദിപ്പിക്കുന്ന നീര പദ്ധതിക്ക് സർക്കാർ കൂടുതൽ ശ്രദ്ധ നൽകണമെന്ന് ഹൈകോടതി. മദ്യനയം പ്രഖ്യാപിച്ച സാഹചര്യത്തിൽ നീരക്ക് സംസ്ഥാനത്ത് വലിയ സാധ്യതകളാണുള്ളത്. നീര ബോട്ടിലുകളിലാക്കി വിപണനം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ജസ്റ്റിസ് അലക്സാണ്ടർ തോമസ് നിർദേശിച്ചു. ബാറുകളുടെ പ്രവൃത്തി സമയവുമായി ബന്ധപ്പെടുത്തിയും പ്രായപൂർത്തിയാകാത്തവർക്ക് മദ്യം ലഭ്യമാകാതിരിക്കാനും ലക്ഷ്യമിടുന്ന ജസ്റ്റിസ് രാമചന്ദ്രൻ കമീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കണമെന്നാവശ്യപ്പെട്ട് അഡ്വ. ബേസിൽ അട്ടിപ്പേറ്റി നൽകിയ ഹരജി പരിഗണിക്കവേയാണ് കോടതി ഈ പരാമർശം നടത്തിയത്. പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയാൽ കേര കർഷകരുൾപ്പെടെ നിരവധി പേർക്ക് തൊഴിൽ ലഭ്യമാകും. കേരളത്തിലാണ് തെങ്ങുകൾ ഏറെയുള്ളതെങ്കിലും അയൽ സംസ്ഥാനമായ തമിഴ്നാടാണ് നീര പോലുള്ള പദ്ധതികൾ ആവിഷ്കരിച്ചത്. തമിഴ്നാട്ടിലും സിലോണിലും നീര വിപണനം നടത്തുന്നുണ്ട്. ഇതേക്കുറിച്ച് പഠനം നടത്തി ഇത്തരം പദ്ധതികൾ ആവിഷ്കരിച്ചാൽ നല്ല വിപണന സാധ്യതയുണ്ടാക്കാനും അതുവഴി വൻതോതിൽ തൊഴിൽ ലഭ്യമാക്കാനും കഴിയും.

അതിനാൽ സർക്കാർ സ്വകാര്യ സംരംഭകരുമായി ചേർന്ന് പദ്ധതി നടത്തിപ്പിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും കോടതി നിർദേശിച്ചു.

സംസ്ഥാനത്തെ ബാറുകളും മദ്യഷാപ്പുകളും രാവിലെ 11.30ന് ശേഷമേ തുറക്കാവൂവെന്നും പ്രായപൂർത്തിയായവർക്ക് മാത്രം ലഭ്യത ഉറപ്പാക്കാനായി തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കണമെന്നും ജസ്റ്റിസ് രാമചന്ദ്രൻ കമീഷൻ റിപ്പോർട്ടിൽ ശിപാർശകളുണ്ട്. മദ്യനയത്തിൽ ഇതും ഉൾപ്പെടുത്തണമെന്നാണ് ഹരജിയിലെ ആവശ്യം. ജസ്റ്റിസ് രാമചന്ദ്രൻ കമീഷന്റെ റിപ്പോർട്ട് ജന നന്മ മുൻനിർത്തിയുള്ളതാണെന്ന് കോടതി ചൂണ്ടിക്കാട്ടി.

തുടർന്നാണ് നീരയുടെ പ്രചാരണത്തിന് മുൻകൈയെടുക്കണമെന്ന് കോടതി സർക്കാറിനോട് നിർദേശിച്ചത്. സർക്കാറിന്റെ മദ്യനയം ഹാജരാക്കാൻ ഉത്തരവിട്ട കോടതി ഹരജി പിന്നീട് പരിഗണിക്കാൻ മാറ്റി.